LIBRARY ARCHIVES Kerala Legislative Assembly

ഫ്രാൻസിസ് റോഡ് ജംഗ്ഷൻ-മാങ്കാവ് റോഡിന്റെ പ്രവർത്തന പുരോഗതി

161 (2261) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽപ്പെട്ട ഫ്രാൻസിസ് റോഡ് ജംഗ്ഷൻ-മാങ്കാവ് റോഡിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ ;

(ബി) ഈ റോഡിന്റെ പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് ലഭിച്ച ചില ആക്ഷേപങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. അലൈൻമെന്റ് അന്തിമ തീരുമാനമായാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ

162 (2262) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ താറുമാറായ റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) വടകര-ചാനിയം കടവ്- പേരാമ്പ്ര റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, വടകര-വില്യാപ്പള്ളി. ചേലക്കാട് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പുരോഗമിച്ചു വരുന്നു.

(ബി) വടകര-ചാനിയം കടവ് -പേരാമ്പ്ര റോഡിന്റെ അറ്റകുറ്റപണികൾ പൂർത്തകരിച്ചിട്ടുണ്ട്. 4-ാം കി.മീ. മുതൽ 9/050 കി.മീ. (തിരുവള്ളൂർ റോഡ് ജംഗ്ഷൻ) വരെയുള്ള ബി.എം. ആന്റ് ബി.സി. പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചു കഴിഞ്ഞു. 9/050 മുതൽ 12/200 വരെ (ചാനിയം കടവ് പാലം വരെ) അറ്റകുറ്റപണികൾ ചെയ്തിട്ടുണ്ട്. വടകര-വല്യാപ്പള്ളി. ചേലക്കാട് റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 0/000 മുതൽ 3/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.